# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 418 — 04.06.2018 — ൽ മറുപടിക്ക്

## സ്മാർട്ട് റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും ഓരോ സ്മാർട്ട് റേഷൻ കട ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കി വൈവിധ്യവത്ക്കരണം നടപ്പിലാക്കുന്ന കാര്യവും പരിഗണിച്ചു വരുന്നു. |
| (ബി) ഇരുപത് ബാങ്കിംഗ് സേവനങ്ങൾ റേഷൻ കടകൾ വഴി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) തീരുമാനമായിട്ടില്ല. കാനറാ ബാങ്ക് അധികൃതരുമായി ചർച്ച നടത്തി വരുന്നു. |

| | |
|---|---|
| (സി) പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവശ്യസാധനങ്ങളുടെ കുതിച്ചുയരുന്ന വില നിന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) വിലക്കയറ്റം തടയുന്നതിന് നിലവിലുള്ള കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി പ്രകാരം വിപണിയിൽ കൂടുതൽ സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക വഴി വിലനിലവാരം ഒരളവു വരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെ വില സ്ഥിരത ഉറപ്പു വരുത്തുന്നുണ്ട്. ഇതിന് പുറമേ 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപന്നങ്ങൾ, സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ മറ്റ് ബ്രാന്റഡ് കമ്പനികളുടെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. പൊതുവിപണിയിലെ അരിയുടെ വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമേ, ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്. |

ഉത്സവ കാലങ്ങളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമേ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കാറുണ്ട്. സബ്സിഡി നിരക്കിൽ വിൽക്കുന്ന അവശ്യ സാധനങ്ങളായ പയറു വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവയുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലെ വിൽപ്പന അവലോകനം ചെയ്തു കൊണ്ടുള്ള പട്ടിക താഴെ നൽകുന്നു.

| ഇനം | വിൽപ്പന നടത്തിയ അളവ് (മെ. ടണ്ണിൽ) | | |
|---|---|---|---|
| | 2015-16 | 2016-17 | 2017-18 |
| പയറുവർഗ്ഗങ്ങൾ | 40415 | 53820 | 59553 |
| പലവ്യഞ്ജനങ്ങൾ | 8148 | 11630 | 9139 |
| പഞ്ചസാര | 30504 | 41903 | 47817 |
| അരി | 70449 | 81892 | 136500 |
| വെളിച്ചെണ്ണ (ലിറ്ററിൽ) | 5608170 | 4602212 | 9123917 |

സെക്ഷൻ ഓഫീസർ